(1) കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന ഗോതമ്പ് മുഴുവനും റേഷൻ കടകളിലൂടെ മാത്രം വിതരണം ചെയ്യുക. അതുവഴി ചെറുകിട മില്ലുകാരുടെ തൊഴിൽ സംരക്ഷിക്കുക.

(2) മോഡേൺ റൈസ് മില്ലുകൾക്ക് കൊടുക്കുന്ന ലൈസൻസ് നിർത്തി വയ്ക്കുക.

(3) വിദ്യുച്ഛക്തി വകുപ്പ് ചെറുകിട മില്ലുകാരിൽ നിന്നും ഈടാക്കുന്ന ഫിക്സഡ് ചാർജ് നിർത്തലാക്കുക.

(4) അനധികൃതമായി പഞ്ചായത്ത് നികുതി പിൻവലിക്കുക. ദുരപരിധി നടപ്പിൽ വരുത്തുക.

(5) കേന്ദ്രനിധി ഏർപ്പെടുത്തുക.

(സി)&(ഡി) ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് അസോസിയേഷൻ പ്രസിഡന്റിന് മറുപടി നൽകിയിട്ടുണ്ട്. ആ മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം

133 (843) ശ്രീ വി ബാലകൃഷ്ണൻ :

ശ്രീ കെ സി വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിതരണ-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പ് സെക്രട്ടേറിയറ്റിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിനായി ഏറ്റവും അവസാനമായി അപേക്ഷ ക്ഷണിച്ചത് എന്നാണ്, എത്ര തവണകളായാണ് അപേക്ഷ ക്ഷണിച്ചത് എന്ന് വിശദമാക്കുമോ,

(ബി) ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്, ഇതിൽ സെക്രട്ടേറിയറ്റ് സംബാർഡിനേറ്റ് സർവീസിൽ നിന്നുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്,

(സി) സംസ്ഥാന സർവീസിലെ മറ്റു വകുപ്പുകളുടെയുള്ള നോൺ സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം കുറവായിരുന്നുവോ;

(ഇ) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റ് നിയമനത്തിന് എഴുത്തു പരീക്ഷ നടത്തുന്നതിന് പി.എസ്.സി യെ ആണോ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. എങ്കിൽ എന്നാണ്,

(എഫ്) പി.എസ്.സി. നടത്താനിരുന്ന പരീക്ഷ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ, എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; സ്റ്റേ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ,

(ജി) സ്റ്റേ ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ എന്നാണ്; കോപ്പി ലഭ്യമാക്കുമോ.

(എച്ച്) സർവീസിലുള്ള വയസ്സ് കുറച്ച് അപേക്ഷകർ മാത്രമുള്ള ഈ പരീക്ഷ നടത്തുന്നതിന് വയസ്സേറെ കാലതാമസം വന്നതുകാരണം നിലവിലുള്ള അപേക്ഷകർക്കും ഈ തസ്തികയിലേയ്ക്കുള്ള വിജ്ഞാപനത്തിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശേഷം യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും അവസരം നഷ്ടപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

(ഐ) എങ്കിൽ പരീക്ഷ നടത്തുന്നതിന് മുമ്പ് നിലവിൽ യോഗ്യത നേടിയ മുഴുവൻ പേർക്കും അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകുമോ;

(ജെ) പരീക്ഷാ നടത്തിപ്പ് വളരെ നീണ്ടുപോയിട്ടുള്ള സാഹചര്യത്തിൽ, 3.2.98 ൽ 7661/അഡ്മി 11(2) 97 പ്രകാരമുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന് ശേഷം യോഗ്യത നേടിയവർക്കു കൂടി പരീക്ഷയിൽ പങ്കെടുക്കുന്നതിന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(കെ) പുതിയ അപേക്ഷകരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് എഴുത്തു പരീക്ഷ എത്രയും വേഗം നടത്തി നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) നിയമ വകുപ്പിൽ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിനായി അവസാനമായി അപേക്ഷ ക്ഷണിച്ചത് 3.2.1998 ലാണ്. രണ്ടു തവണകളായാണ് അപേക്ഷ ക്ഷണിച്ചത്. ആദ്യം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽ മാത്രമുള്ളവർക്കായി 22.7.97 ലെ വിജ്ഞാപനപ്രകാരവും അതിനുശേഷം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിലുള്ളർക്കും സർക്കാർ സർവീസിലെ വിവിധ വകുപ്പുകളിലുള്ളവർക്കും ഹൈക്കോടതി സർവീസിലുള്ളവർക്കും ഒരുമിച്ച് 3.2.98 ലെ വിജ്ഞാപനപ്രകാരവും അപേക്ഷ ക്ഷണിച്ചു.

(ബി) ആകെ 219 അപേക്ഷകൾ ലഭിച്ചു. സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽ നിന്നും 22 അപേക്ഷകൾ ലഭിച്ചു.

(സി) സംസ്ഥാന സർവീസിലെ മറ്റു വകുപ്പുകളും ഹൈക്കോടതി ജീവനക്കാരും ഉൾപ്പെടുന്ന നോൺ സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും 197 അപേക്ഷകൾ ലഭിച്ചു.

(ഡി) മുൻതവണയേക്കാൾ അപേക്ഷകൾ കുടുതലായിരുന്നു

(ഇ) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റ് നിയമനത്തിന് എഴുത്ത് പരീക്ഷ നടത്താൻ ഐ.എം.ജിയെയാണ് ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 19.5.99 നാണ് ഐ.എം.ജി.യെ ചുമതലഏൽപ്പിച്ചത്.

(എഫ്) ഐ.എം.ജി. നടത്താനിരുന്ന പരീക്ഷ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. 14.7.99-ൽ ആണ് സ്റ്റേ ചെയ്തത്. ഉത്തരവിന്റെ കോപ്പി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. †

(ജി) സ്റ്റേ ഒഴിവാക്കിയിട്ടുണ്ട്. 31.8.99 നാണ് സ്റ്റേ ഒഴിവാക്കിയത്. ഉത്തരവിന്റെ കോപ്പി അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. †

(എച്ച്) ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന് ശേഷം യോഗ്യത നേടിയിട്ടുള്ളവർക്കും പുനർ വിജ്ഞാപനം പുറപ്പെടുവിച്ച്

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സമർപ്പിക്കാൻ അവസരം നൽകണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഐ) എഴുത്തു പരീക്ഷ നടത്താൻ കാലതാമസം നേരിട്ടു എന്നകാരണത്താൽ, മുൻകൂട്ടി അപേക്ഷ സ്വീകരിക്കാൻ നിശ്ചയിച്ച തീയതി മാറ്റി പുനർ വിജ്ഞാപനം പുറപ്പെടുവിച്ച്, പരീക്ഷ നടത്തുന്നതിന് മുൻപ് നിലവിൽ യോഗ്യത നേടിയ എല്ലാപേർക്കും അത് സമർപ്പിക്കാൻ അവസരം നൽകുന്ന കാര്യം പരിഗണനാർഹമല്ല.

(ജെ) പരീക്ഷത്തീയതി നിശ്ചയിക്കാൻ പി.എം.ജി യോട് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നിവൃത്തിയില്ല.

(കെ) പുതിയ അപേക്ഷകരെ പങ്കെടുപ്പിക്കുന്നതിന് കഴിയില്ല. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

അഡ്വക്കേറ്റ് ജനറലിന്റെ അധികാരങ്ങൾ

133 (844)ശ്രീ. എ.കെ. മണി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസ്സുകളുമായി ബന്ധപ്പെട്ട് സർക്കാരിന് നിയമോപദേശം നൽകുന്നത് കൂടാതെ അഡ്വ.ജനറലിന് മറ്റെന്തെല്ലാം അവകാശാധികാരങ്ങൾ കൂടിയുണ്ട്;

(ബി) അഡ്വ. ജനറലിന് കേരള സർവീസ് ചട്ടങ്ങളനുസരിച്ചും കേരളാ ഫൈനാൻഷ്യൽ കോഡ് അനുസരിച്ചും വകുപ്പ് മേധാവിയുടെ പദവി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കാരണം വിശദീകരിക്കുമോ;

(ഡി) വകുപ്പ് മേധാവി എന്ന നിലയിൽ അഡ്വ. ജനറലിന് നൽകിയിട്ടുള്ള ഭരണപരവും ധനപരവുമായ അധികാരങ്ങൾ എന്തെല്ലാം;

(ഇ) വകുപ്പ് മേധാവി എന്ന നിലയിൽ അഡ്വ. ജനറലിന് ചെലവ് ചെയ്യുവാൻ ഈ വർഷം അനുവദിച്ചുകൊടുത്ത തുക എത്ര;

(എഫ്) അഡ്വ. ജനറലിന്റെ കീഴിൽ എത്ര സർക്കാർ ജീവനക്കാർ പണിയെടുക്കുന്നു;

(ജി) അവരുടെ മേൽ ശിക്ഷാ നടപടി സ്വീകരിക്കാനും ശിക്ഷ നടപ്പാക്കാനും അഡ്വ. ജനറലിന് അധികാരമുണ്ടോ?

ഉത്തരം

(എ) ഇന്ത്യൻ ഭരണഘടനയുടെ 165-ാം വകുപ്പു പ്രകാരമാണ് ഗവർണ്ണർ സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നത്. ഈ വകുപ്പ് അധികാരപ്പെടുത്തിയ പ്രകാരം സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ

LIBRARY ARCHIVES Kerala Legislative Assembly